LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

30(34) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ നിലവിലെ സ്ഥിതി സഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികൾക്കുവേണ്ടി സൗജന്യമായി ഭൂമി നൽകുന്നവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുമോ?

കെട്ടിട നിർമാണ ചട്ടങ്ങൾ സംബന്ധിക്കുന്ന തീരുമാനങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന വിഷയമാണ്.

(സി) അവർക്ക് മതിൽ നിർമ്മിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്താറുണ്ടോ?

ഭൂമി സൗജന്യ ദാനം നൽകിയവർക്ക് ചുറ്റുമതിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചുനൽകിയ പദ്ധതികളും ഉണ്ടായിട്ടുണ്ട്.

(ഡി) കെട്ടിടങ്ങളുടെ മികച്ച രൂപകല്പനയ്ക്ക് ആർക്കിടെക്ടുകളുടെ സേവനം ഉറപ്പുവരുത്താറുണ്ടോ?

എസ്.പി.വി-കൾക്കാണ് നിർമ്മാണത്തിന്റെ പൂർണ്ണചുമതല. എന്നിരുന്നാലും എസ്.പി.വി-കൾ ആവശ്യപ്പെടുകയാണെങ്കിൽ ആർക്കിടെക്ടുകളുടെ സേവനം കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്ററിവഴി നൽകുന്നതാണ്.

(ഇ) ആധുനിക സാങ്കേതികവിദ്യകൾ കിഫ്ബി പ്രവൃത്തികൾക്ക് സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

ജിയോ സെൽസ്, സോയിൽ നൈലിംഗ്, സെഗ്മെന്റൽ ബ്ലോക്സ്, ഫുൾ ഡെപ്ത് റിക്ലമേഷൻ, മൈക്രോ സർഫസിംഗ് തുടങ്ങിയ സാങ്കേതികവിദ്യകൾ പൈലറ്റ് പ്രോജക്ടായി കിഫ്ബി പദ്ധതികളിൽ നടപ്പാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.